38

K23U 0401

Reg. No. : ..............................

Name : ..................................

# VI Semester B.A. Degree (CBCSS – OBE – Regular/Supplementary/ Improvement) Examination, April 2023
## (2019 and 2020 Admissions)
## CORE COURSE IN MALAYALAM
## 6B15 MAL : വിവർത്തനസാഹിത്യം

Time : 3 Hours Max. Marks : 40

I. രണ്ട് ചോദ്യങ്ങൾക്ക് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (2×7=14)

1) കവിതാവിവർത്തകൻ കവി കൂടിയായിരിക്കണം എന്നു പറയുന്നതിന്റെ യുക്തി പാഠഭാഗങ്ങളെ ആസ്പദമാക്കി സമർത്ഥിക്കുക.

2) സാഹിത്യകൃതികൾ വിവർത്തനം ചെയ്യുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ നോവൽ വിവർത്തനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

3) തുള്ളുനാട്ടിലെ സമൂഹത്തിന്റെ സാംസ്കാരിക വിവരങ്ങളും സാമൂഹിക ജീവിതത്തിൽ പെണ്ണിന്റെ നിലയും 'നാലാംകുളി' എന്ന കഥയിൽ എപ്രകാരം ആവിഷ്കൃത മാകുന്നു ?

4) ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയെയും സംസ്കാരത്തെയും കുറിച്ചുള്ള ചിന്തകൾ 'തലകുനിക്കാതെ' എന്ന ആത്മകഥയിൽ എപ്രകാരം ആവിഷ്കരിക്ക പ്പെടുന്നു ?

II. നാല് ചോദ്യങ്ങൾക്ക് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (4×3=12)

5) ജി. ശങ്കരക്കുറുപ്പിന്റെ ഗീതാഞ്ജലി വിവർത്തനത്തിന്റെ മേന്മകൾ എന്തെല്ലാം ?

6) 'ഭാവാത്മകമായ ആഖ്യാനരീതികൊണ്ടും വൈകാരികതകൊണ്ടും കാല്പനി കമായ അന്തരീക്ഷം നിലനിർത്തുമ്പോൾത്തന്നെ വീക്ഷണങ്ങളിലും ദർശനങ്ങ ളിലും ആധുനികഭാവുകത്വം പ്രകടമാക്കുന്ന കവിതയാണ് 'ആരണ്യഹംസങ്ങൾ'. സമർത്ഥിക്കുക.

7) 'ആരോഗ്യനികേതനം' എന്ന വിവർത്തനകൃതിയുടെ പ്രസക്തിയും പ്രത്യേകതകളും വിവരിക്കുക.

P.T.O.



8) "ചീര കൊണ്ട് മീനിന്റെ മണം മൂടിവയ്ക്കാനാവില്ല" – ഇത്തരമൊരു സംഭാഷണം നടക്കുന്ന സന്ദർഭമേത് ?

9) ആന്റൺ ചെക്കോവിന്റെ 'വേർപാട്' എന്ന കഥയുടെ വൈകാരികത ചോർന്നു പോകാതെ ആവിഷ്കരിക്കുന്നതിൽ വിവർത്തകൻ എത്രത്തോളം വിജയിച്ചി ട്ടുണ്ടെന്ന് പരിശോധിക്കുക.

10) "മുട്ടാ ജൂഗി എന്ന എന്റെ അച്ഛന്റെയും വഞ്ചിരു കിബിച്ചോ എന്ന എന്റെ അമ്മയുടെയും എന്നതുപോലെത്തന്നെ മണ്ണിന്റെയും മകളാണ് ഞാൻ" – വാംഗാരി മാതായിയുടെ പില്ക്കാല ജീവിതത്തിലേക്കുള്ള ചൂണ്ടുപലകയായി ഈ പ്രസ്താവനയെ വായിക്കാമോ ? വിമർശനാത്മകമായി പരിശോധിക്കുക.

III. നാല് ചോദ്യങ്ങൾക്ക് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (4×2=8)

11) തിരുനെല്ലൂർ കരുണാകരന്റെ മേഘസന്ദേശം വിവർത്തനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

12) ഏറ്റവും വലിയ ലാഭം ഏതാണെന്നാണ് ജഗദ്ബന്ധു മശായ് അഭിപ്രായപ്പെടുന്നത് ? കാരണമെന്ത് ?

13) വിവർത്തനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാം ?

14) "കാലിലിടുന്നത് കാലിലിട്ടാൽ നന്ന്, തലയിലിട്ടാൽ എങ്ങനെ" – സന്ദർഭം വിശദമാക്കുക.

15) ഇഹിതെയിലെ കുട്ടിക്കാലം വാംഗാരി മാതായ് ഓർത്തെടുക്കുന്നതെങ്ങനെ ?

16) ദേശസംസ്കാരത്തിനുമേൽ യൂറോപ്യൻ സംസ്കാരം അധീശത്വം സ്ഥാപിക്കുന്നതിന്റെ കാഴ്ചകൾ വാംഗാരി മാതായ് ആവിഷ്കരിക്കുന്നതെങ്ങനെ ?

IV. നാല് ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. (4×1½=6)

17) ഗീതാഞ്ജലിക്ക് മലയാളത്തിലുണ്ടായ പ്രധാന പരിഭാഷകൾ പരിചയ പ്പെടുത്തുക.

18) ഭാഷയുടെ മരണം സംസ്കാരത്തിന്റെ മരണം കൂടിയാണെന്ന വസ്തുത 'ഭാഷ മരിക്കുമ്പോൾ' എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിക്കപ്പെടുന്നു ?

19) വിവർത്തനം എന്ന പദത്തിനു പകരം ഉപയോഗിക്കുന്ന മലയാള പദങ്ങൾ ഏതെല്ലാം ?

20) "പുതുമയെ ഇവർക്ക് പേടിയാണ്. അതിനെ സ്വീകരിക്കാൻ ഇവർക്ക് കഴിവില്ല. മനസ്സില്ല, പണവുമില്ല"– ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കപ്പെടുന്നത് ?

21) 'വേർപാട്' എന്ന തലക്കെട്ട് കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ടെന്ന് പരിശോധിക്കുക.

22) സ്രോതഭാഷ എന്നാലെന്ത് ?